# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1877 04.10.2011 -ൽ മറുപടിയ്ക്ക്

## പാതയോരങ്ങളിലെ പൂന്തോട്ട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) സാമൂഹ്യവനവല്ക്കരണ പരിപാടിയിൽപ്പെടുത്തി ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത് ; | എ) സ്ക്കൂൾ-കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, മതസ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒ, പഞ്ചായത്ത് എന്നിവരിലൂടെ നട്ടുപിടിപ്പിക്കുന്നതിനായി തൈ വിതരണം നടത്തുന്നതോടൊപ്പം പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.<br><br>വേമ്പനാട്-കണ്ണൂർ മേഖലയിലെ കണ്ടൽ സംരക്ഷണത്തിനുള്ള പ്രവർത്തനം നടന്നു വരുന്നു.<br><br>നെടുമ്പാശ്ശേരിയിലെ സുവർണ്ണോദ്യാനം പദ്ധതിയുടെ തുടർ പ്രവർത്തനം നടന്നുവരുന്നു.<br><br>സർക്കാർ പുറമ്പോക്കുകകൾ, വിവിധ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകൾ, വനവൽക്കരണത്തിനായി ഒഴിഞ്ഞുകിട്ടിയ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അനുയോജ്യമായ തൈകൾ നട്ടുപിടിപ്പിക്കുന്നു. |

| | | |
|---|---|---|
| | | കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ വഴി വനപ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനം നടത്തി വരുന്നു.<br>കുട്ടനാട് പാക്കേജിൽ വനം വകുപ്പുമായി ബന്ധപ്പെടുത്തി ചെയ്യേണ്ടതായ കണ്ടൽക്കാടുകളുടെ സംരക്ഷണവും മറ്റ് ബോധവൽക്കരണപ്രവർത്തനങ്ങളും ചെയ്തു വരുന്നു.<br><br>വന വിജ്ഞാപനത്തിന്റെ ഭാഗമായി പൊതുജനങ്ങളിലും കുട്ടികളിലും അവബോധമുണ്ടാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു. |
| ബി) | സാമൂഹ്യവനവല്ക്കരണ പദ്ധതി യിൽ നാടൻ വൃക്ഷത്തൈകൾ വിതരണം നടത്തുന്നുണ്ടോ ; | ബി) ഉണ്ട് |
| സി) | പ്രസ്തുത പദ്ധതിപ്രകാരം പാത യോരങ്ങളിൽ പൂന്തോട്ടം നിർമ്മി ക്കുന്നതിന് നടപടി സ്വീകരി ക്കുമോ ? | സി) സാമൂഹ്യവനവല്ക്കരണ പദ്ധതിയിൻ കീഴിൽ പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. പൂന്തോട്ടം നിർമ്മിക്കുന്നതിന് ഇപ്പോൾ പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ അതിന് അനുയോജ്യമായ സ്ഥലവും, ഫണ്ടും ലഭ്യമാക്കുമെങ്കിൽ പൂന്തോട്ടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ